LIBRARY ARCHIVES Kerala Legislative Assembly

റ്റസയ്ക്കുവേണ്ടി കാനറാ ബാങ്കിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെയും ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിയുടെയും പേരിൽ ഒരു ജോയിന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. കേന്ദ്രം റിലീസ് ചെയ്യുന്ന തുക സംസ്ഥാന വിഹിതത്തോടൊപ്പം ഈ അക്കൗണ്ടിലേക്ക് മാറ്റേണ്ടതുണ്ട്.

പുതുതായി കോളേജുകൾ

2 (1038) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി കോളേജുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) അനുവദിച്ച കോളേജുകൾ ഇനിയും ആരംഭിക്കാത്തത് ഏതെങ്കിലും ഉണ്ടോ ; വിശദമാക്കാമോ?

ഉത്തരം

(എ) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ബി) 2014-15-ൽ കോങ്ങോട് നിയോജകമണ്ഡലത്തിലനുവദിച്ചിട്ടുള്ള സർക്കാർ ആർട്സ് & സയൻസ് കോളേജ്, യൂണിവേഴ്സിറ്റി അഫിലിയേഷൻ ലഭിക്കാത്തതിനാൽ ഇതുവരെ ആരംഭിച്ചിട്ടില്ല. ഇതുകൂടാതെ 2014-15-ൽ മലപ്പുറത്ത് അനുവദിച്ചിട്ടുള്ള സർക്കാർ വനിത ആർട്സ് & സയൻസ് കോളേജിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള സർവ്വകലാശാല അടച്ചുപൂട്ടിയ ബി.എഡ്. സെന്ററുകൾ

3 (1039) ശ്രീ. എം. എ. ബേബി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവ്വകലാശാല അടച്ചുപൂട്ടിയ ബി.എഡ്. സെന്ററുകൾ തുടർന്നു പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;